


# നീര കർഷകർക്കും ചോദിക്കാനുണ്ട് ചിലത്?

ഇപ്പോൾ കർഷകന് നീര ലിറ്ററിന് 30 രൂപ് വീട്ടു മുറ്റത്ത് കിട്ടുന്നു. ഇന്നലെ വരെ ഒന്നും ഇല്ലാതെ വലഞ്ഞ കർഷകർക്ക് ഇന്ന് പതിനായിരങ്ങൾ മാസവരുമാനം കിട്ടുന്നു. ഇടനിലക്കാരന് പ്രസക്തിയും സ്ഥാനവുമില്ല. ആർക്കും കയ്യിട്ടു വാരാനും കഴിയുന്നില്ല. അതല്ലേ പലരേയും ചൊടിപ്പിച്ചത്? ഇടനിലകാർക്ക് കർഷകരെ ചൂഷണം ചെയ്ത് പണമുണ്ടാക്കാൻ വേണ്ടിയല്ലേ ലൈസൻസിന്റെ പേരിൽ പ്രശ്നമുണ്ടാക്കുന്നത്. ? ചോദ്യം ജോജി എം തകടിയെന്ന കർഷകന്റേതാണ്. കൊച്ചി ഹബ്ബിലടക്കം നീര ലഭ്യമാക്കി ശ്രദ്ധ പിടിച്ചു പറ്റിയ മുതലമട ഫെഡറേഷൻ ഉൾപ്പെടുന്ന പാലക്കാട് നാളികേര ഉൽപ്പാദക കമ്പനിയുടെ ഡയറക്ടറും സിഇഒയുമാണ് ഇദ്ദേഹം.

സണ്ണി ജോർജ് എന്ന കർഷകന്റെ സംശയം ഇതാണ്. കേരളത്തിൽ 1.8 കോടി തെങ്ങുകളുണ്ട്. അതിൽ ചെറിയൊരു ശതമാനമേ ഫെഡറേഷനുകൾ നീരയെടുക്കുന്നുള്ളു. ബാക്കിയുള്ളവയിൽ നിന്ന് കൃഷിവകുപ്പിനോ, നീര കോർപ്പറേഷനോ ചെത്തിക്കൂടെ. വെറുതെ വകുപ്പുകൾ തമ്മിതല്ലി ഞങ്ങൾക്ക് പ്രശ്നമുണ്ടാക്കുന്നത് എന്തിന്? സംസ്ഥാനത്തെ ആദ്യ നാളികേര ഉൽപ്പാദക കമ്പനിയായ (സിപിസി) തേജസ്വിനിയുടെ ചെയർമാനാണ് ഈ കർഷകൻ. നാലുമാസമായി നീര വിപണിയിലെത്തിക്കുന്നുണ്ട് സ്ഥാപനം.

ഇത്രയും നാൾ എല്ലാവർക്കും നീര ഹറാമായിരുന്നു. കർഷകനെ സഹായിക്കാനോ അവർക്കു വേണ്ടി സംസാരിക്കാനോ ആരുമില്ലായിരുന്നു. നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ കർഷകർ സംഘടിക്കുകയും ഏറെ പോരാട്ടങ്ങൾക്ക് ഒടുവിൽ ലൈസൻസ് നേടിയെടുത്തപ്പോൾ അവകാശവുമായി എത്തിയിരിക്കുകയാണ് ചിലരെല്ലാം. കയ്യിട്ടുവാരാനും പണമുണ്ടാക്കാനുമുള്ള അവസരം കാത്ത്. ഇനി അത് അനുവദിക്കാൻ സാധ്യമല്ല. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ലക്ഷകണക്കിന് കർഷകരുടെ പൊതുവികാരം ഇതാണ്.

ഫെഡറേഷനുകൾ നീര കൈകാര്യം ചെയ്താൽ അതിന്റെ ഗുണം കർഷകർക്കും ചെത്തുന്ന തൊഴിലാളികൾക്കുമാണ്. ഇടനിലക്കാരുടെ ചൂഷണം ഉണ്ടാകില്ല. അപ്പോൾ ഈ സംവിധാനത്തെ പിന്തുണയ്ക്കുകയല്ലേ കൃഷി വകുപ്പ് ചെയ്യേണ്ടത്. കർഷക കൂട്ടായ്മയുടെ പ്രതിനിധി ഷാജഹാൻ കാഞ്ഞിരവിളയിൽ വിശദമാക്കുന്നു. കൊല്ലം കൈപ്പുഴ സിപിസിയുടെ ചെയർമാനും കമ്പനികളുടെ കൺസോർഷ്യത്തിന്റെ

എസ്. രാജ്യശ്രീ

സാരഥിയുമാണ് ഷാജഹാൻ. നൽകിയ ലൈസൻസ് മരവിപ്പിക്കണമെന്ന കൃഷിവകുപ്പിന്റെ വാശിക്കു പിന്നിൽ സ്ഥാപിത താൽപ്പര്യങ്ങളാണ്. അല്ലെങ്കിൽ ഒരു പ്രയോജനവും ഇല്ലാതെ 1987 ൽ പൂട്ടിയ നാളികേര കോർപ്പറേഷനെ വീണ്ടും ജീവൻ കൊടുത്ത് കൊണ്ടുവന്ന് നീര ഏൽപ്പിക്കണമെന്ന് ശഠിക്കുന്നതെന്തിന്.

നീര ഉൽപ്പാദിപ്പിക്കാനും സംസ്കരിക്കാനും പരിശീലനം കിട്ടിയ, സുസജ്ജമായ 373 ഫെഡറേഷനുകളാണ് ഇപ്പോൾ ബോർഡിനു കീഴിലുള്ളത്. അവരിൽ നിന്നാണ് 136 ഓളം പേർക്ക് അനുമതി നൽകിയത്. ബാക്കിയുള്ളവർക്കും ഉടൻ നീര ലൈസൻസ് നൽകുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രഖ്യാപിക്കുകയും ചെയ്തു. അതിനു തൊട്ടു പിന്നാലെയാണ് ലൈസൻസ് മരവിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് വന്നത്. എന്നാൽ നൽകിയ ലൈസൻസ് പിൻവലിച്ചിട്ടില്ലെന്നും ഉൽപ്പാദനം നടത്താമെന്നുമുള്ള വിശദീകരണം പിന്നാലെയെത്തി. നീര ചെത്താനുള്ള ലൈസൻസ് ബോർഡിനോ കോർപ്പറേഷനോ നൽകേണ്ടതെന്നതാണ് ഇപ്പോഴത്തെ തർക്കം. കൃഷി, എക്സൈസ് വകുപ്പു മന്ത്രിമാർ തമ്മിലുള്ള മൽസരമായി ഇത് മാറിയിരിക്കുന്നു.

എന്തിന്റെ പേരിലാണ് കൃഷി. എക്സൈസ് വകുപ്പുകൾ തമ്മിൽ തല്ലുന്നതെന്ന് വ്യക്തമല്ലെന്ന് കർഷകർ പറയുന്നു. ചെത്തു തൊഴിലാളികളുടെ പണി നഷ്ടപ്പെടുമെന്നായിരുന്നു ആദ്യപരാതി. എന്നാൽ നീര ചെത്താൻ ആളില്ലെന്നും ചെത്തുകാർക്ക് കൂടുതൽ അവസരം ലഭിക്കുമെന്നും വ്യക്തമായതോടെ ഇപ്പോൾ അതാരും പറയുന്നില്ല. നീര കള്ളാകുമെന്നും അതിനാൽ എക്സൈസ് വകുപ്പിന് കീഴിലേ വിൽപ്പന പാടുള്ളൂവെന്നുമായിരുന്നു മറ്റൊരു വാദം. പുളിപ്പിക്കാതെ ആരോഗ്യപാനീയമെന്ന നിലയിൽ നീര സംസ്ഥാനത്ത് വ്യാപകമായി വിറ്റഴിക്കപ്പെട്ടതോടെ ആ വാദവും പൊളിഞ്ഞു. ഇത്തരമൊരു സാഹചര്യത്തിൽ കൃഷി വകുപ്പ് ഫെഡറേഷനുകൾക്ക് നൽകിയ ലൈസൻസ് റദ്ദാക്കണമെന്ന നിർദേശം നൽകിയത് എന്തിനെന്നാണ് വ്യക്തമല്ലാത്തത്. കൃഷി, എക്സൈസ് വകുപ്പുകൾ തമ്മിലുള്ള തർക്കമാണ് ഇതിനു പിന്നിൽ. മന്ത്രിമാരോ ഉദ്യോഗസ്ഥരോ ശരിയായ ഒരു വിശദീകരണം ഇക്കാര്യത്തിൽ നൽകാൻ തയ്യാറായിട്ടില്ല ഇതു വരെ.

## കർഷകർ സമരമുഖത്തേയ്ക്ക്

ഞങ്ങളുടെ ശക്തിയെന്തെന്ന് സർക്കാർ അറിയാനിരിക്കുന്നതേയുള്ളൂ. പഴശിരാജായിൽ മമ്മൂട്ടിയുടെ ഡയലോഗ് ഓർമിപ്പിക്കും വിധം പ്രതികരിക്കുന്നത് ഒരു സാദാ കേരകർഷകൻ. നീരയുൽപ്പാദനത്തിനായി 136 ഫെഡറേഷനുകൾക്ക് നൽകിയ ലൈസൻസ് മരവിപ്പിച്ചുവെന്ന വാർത്തയോടായിരുന്നു ഈ പ്രതികരണം. കാസർകോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ലക്ഷകണക്കിന് കർഷകരുടെ വികാരമാണ് ഈ വാക്കുകളിലൂടെ പുറത്തു വന്നത്. പതിറ്റാണ്ടുകളായി തേങ്ങയ്ക്ക് വിലയില്ലാതെ നട്ടംതിരിഞ്ഞിരുന്നവർക്ക് അവസാന ആശ്വാസമായെത്തിയ നീരയും കൈവിട്ടുപോകുമോയെന്ന ആശങ്കയിൽ കടുത്ത പോരാട്ടത്തിന്






തയ്യാറെടുക്കുകയാണവർ.

വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങൾ നിർത്തി, സ്വന്തം തെങ്ങിൽ നിന്ന് നീര ഉൽപ്പാദിപ്പിച്ച് വിൽക്കാനുള്ള ന്യായമായ അവകാശം കർഷകന് നൽകിയില്ലെങ്കിൽ സെക്രട്ടറിയേറ്റ് നടയിൽ ഒട്ടും താമസിയാതെ നിരാഹാരമടക്കമുള്ള പ്രക്ഷോപസമരം ആരംഭിക്കും, പറയുന്നത് കേരകർഷക കൂട്ടായ്മയുടെ പ്രതിനിധി ഷാജഹാൻ കാഞ്ഞിരവിളയിൽ. സംസ്ഥാനത്തെ നാളികേര ഉൽപ്പാദക കമ്പനികൾ ചേർന്ന് ഈയിടെ രൂപീകരിച്ച കൺസോർഷ്യത്തിന്റെ ചെയർമാനാണദ്ദേഹം. പതിനായിരക്കണക്കിനു പേരെ പങ്കെടുപ്പിച്ചുകൊണ്ട് കേരളം ഇന്നുവരെ കണ്ടിട്ടില്ലാത്തത്ര ശക്തമായ സമര പരിപാടികളായിരിക്കും സംഘടിപ്പിക്കുകയെന്നും അദ്ദേഹം വ്യക്തമാക്കി.

## രണ്ടു കോടിയിലധികം വരുന്ന വോട്ട് ബാങ്ക്

കേരകർഷകർ പാവങ്ങൾ, അവരെന്തു ചെയ്യാൻ ? എന്ന ചിന്ത ആർക്കെങ്കിലുമുണ്ടെങ്കിൽ മാറ്റേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്നാണ് കർഷകർ നൽകുന്ന മുന്നറിയിപ്പ്. കാരണം തേങ്ങയുടെ വിലയും ഉൽപ്പാദനവും കുറഞ്ഞതോടെ അരപ്പട്ടിണിക്കാരായി ഇന്നലെ വരെ എല്ലാവരാലും തഴയപ്പെട്ടിരുന്നവർ ഇന്ന് കേരളത്തിലെ വലിയ സംഘടിത ശക്തികളിലൊന്നായി മാറിയിരിക്കുന്നു.

ഫെബ്രുവരി വരെയുള്ള കണക്ക് അനുസരിച്ച് കേരളത്തിൽ 6100 ത്തിൽ അധികം നാളികേരഉൽപ്പാദക സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഓരോന്നിലും 80 മുതൽ 100 വരെ കർഷകർ. ഇതുപോലെയുള്ള 6700 ഓളം സംഘങ്ങളുടെ കൂടി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി വരുന്നു. അതായത് മൊത്തം ആറു ലക്ഷത്തിലധികം അംഗങ്ങളുള്ള കേര കർഷക കൂട്ടായ്മ.

മതമോ, ജാതിയോ, ലിംഗവ്യത്യാസമോ, രാഷ്ട്രീയമോ ഞങ്ങൾക്കില്ല. തെങ്ങ് കൃഷികാർക്ക് മെച്ചമുണ്ടാക്കുക എന്ന ഒരൊറ്റ മുദ്രാവാക്യം മാത്രം. കുടുംബാംഗങ്ങളെ കൂടി പരിഗണിച്ചാൽ ഏതാണ്ട് 2.4 കോടിയോളം പേർ. ഇത്രയും വലിയൊരു വോട്ട് ബാങ്ക് സംസ്ഥാനത്ത് വേറെയുണ്ടാകുമോ. അവർ ചോദിക്കുന്നു.



കഴിഞ്ഞ കുറച്ചു ദിവസങ്ങളായി നീര ലൈസൻസിനെ സംബന്ധിച്ചു പുറത്തു വന്നുകൊണ്ടിരിക്കുന്ന വാർത്ത തീർത്തും തെറ്റിദ്ധാരണാ ജനകമാണ്. ഇതുവരെ അപേക്ഷിച്ച എല്ലാവർക്കും ലൈസൻസ് കൊടുത്തിട്ടുണ്ട്. നീരയുടെ വിപണന സാധ്യത പരമാവധി പ്രയോജനപ്പെടുത്തണം. കേരളത്തിന്റെ ചുവടു പിടിച്ച് തമിഴ് നാടും നീര ഉൽപ്പാദനം തുടങ്ങാനുള്ള തയ്യാറെടുപ്പിലാണ്. മുഖ്യമന്ത്രി എന്ന നിലയിൽ ഏറ്റവും സംതൃപ്തി നൽകുന്ന കാര്യമാണ് കേരകർഷകർക്ക് നീര ഉൽപ്പാദിപ്പിക്കാൻ സാഹചര്യമൊരുക്കിയത്.

മുഖ്യമന്ത്രി ഉമ്മൻചാണ്ടി.

## കാർഷികരംഗത്ത് ഒരു വ്യവസായ വിപ്ലവം

കേരകർഷകർ കമ്പനിയുടമകളാകുന്ന കാഴ്ചയ്ക്കാണ് തെങ്ങിന്റെ നാട് ഇപ്പോൾ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്.

കർഷകർ നയിക്കുന്ന ഒരു നിശബ്ദ വ്യവസായവിപ്ലവം. അതിലെ ആദ്യസംരംഭം 2013 ഏപ്രിലിൽ കണ്ണൂരിൽ പിറന്നു, തേജസ്വിനി നാളികേര ഉൽപ്പാദക കമ്പനിയെന്ന പേരിൽ .അതിനു ശേഷം 19 കമ്പനികൾ ഇതിനകം രജിസ്റ്റർ ചെയ്തു പ്രവർത്തനം തുടങ്ങി. 7.5 കോടിയോളം രൂപ മുതൽമുടക്കിൽ കൊല്ലം കൈപ്പുഴ സിപിസിയുടെ കീഴിൽ സ്ഥാപിച്ച ഇന്ത്യയിലെ ആദ്യ നീര പ്ലാന്റിന്റെ വാണിജ്യോൽഘാടനം ഈയിടെയാണ് മുഖ്യമന്ത്രി നിർവഹിച്ചത്. ഇതുപോലെ വിവിധ ഉൽപ്പന്നങ്ങൾക്കുള്ള ഫാക്ടറികളടക്കമുള്ള സൗകര്യങ്ങൾ കമ്പനികളിൽ പൂർത്തിയായിവരുന്നു.

പതിറ്റാണ്ടുകളായി നിരാശയുടെ പടുകുഴിയിലായിരുന്ന കേരകർഷകരെ

സംരംഭകരാക്കുന്നതിനു പിന്നിൽ നാളികേര വികസന ബോർഡും ചെയർമാൻ ടികെ ജോസ് ഐഎഎസുമാണ്. കൂട്ടായി നിന്ന് രോഗങ്ങളെ പ്രതിരോധിച്ച്, കുറഞ്ഞ ചെലവിൽ ഉൽപ്പാദനം നടത്തി വരുമാനം വർധിപ്പിക്കുകയെന്നതാണ് രക്ഷയ്ക്കുള്ള ഏകമാർഗം എന്ന് ആദ്യം തന്നെ കർഷകരെ ബോധ്യപ്പെട്ടുത്തുകയാണ് അദ്ദേഹം ചെയ്തത്. അതിനായി നാളികേര ഉൽപ്പാദക സംഘങ്ങൾ( സിപിഎസ് )എന്ന ചെറുകൂട്ടായ്മയ്ക്ക് ബോർഡ് രൂപം നൽകി. സിപിഎസുകൾ ചേർന്ന് ഫെഡറേഷനുകളും ഫെഡറേഷനുകൾ ചേർത്ത് കമ്പനിയും രൂപീകരിക്കുകയെന്നതായിരുന്നു ലക്ഷ്യം. അതുവഴി കർഷകരെ സംഘടിപ്പിക്കാനും സംരംഭകരാക്കി മാറ്റാനുമുള്ള പദ്ധതി പ്ലാനിങ് അനുസരിച്ച് വിജയകരമായി മുന്നേറന്നുവെന്നതിന്റെ തെളിവാണ് 19 കമ്പനികൾ.

വേരു മുതൽ ഓല വരെ എല്ലാത്തിനും ഉപയോഗമുണ്ടായിട്ടും കൊപ്രാമരമായി മാത്രം തെങ്ങിനെ കണ്ടതാണ് പ്രശ്നങ്ങൾക്ക് കാരണമെന്ന് ബോധ്യപ്പെടുത്തിയതോടെ ഇളനീർ വിറ്റ് പണമുണ്ടാക്കാൻ കർഷകർ തയ്യാറായി. അതോടെ തേങ്ങ ലഭ്യത കുറയുകയും ഡിമാൻഡും വിലയും വർധിക്കുകയും ചെയ്തു. ഒപ്പം തേങ്ങയുടേയും വെളിച്ചെണ്ണയുടേയും തനതു മികവുകൾ ഉയർത്തികാട്ടാനും മൂല്യവർധനയിലൂടെ കൂടുതൽ വില ഉറപ്പാക്കാനുമുള്ള ഊർജിത ശ്രമങ്ങളുമുണ്ടായി. ഇതിന്റെയെല്ലാം ഫലം കർഷകന് കിട്ടി. മൂന്നു രൂപയ്ക്ക് പോലും എടുക്കാനാളില്ലാത്ത സ്ഥിതിയിൽ നിന്ന് തേങ്ങയൊന്നിന് 50 രൂപ വരെയെത്തി. അതോടെ കർഷകർ ബോർഡിനു കീഴിൽ അണിനിരന്നു മെഷീൻ ഉപയോഗിച്ച് തെങ്ങുകയറാൻ പരിശീലനം സിദ്ധിച്ച ചങ്ങാതികൂട്ടമെത്തിയതോടെ വലിയൊരു പ്രശ്നത്തിനും പരിഹാരമായി.

നീരയ്ക്ക് വൻ മാറ്റങ്ങളുണ്ടാക്കാനാകുമെന്ന് തിരിച്ചറിഞ്ഞ ജോസ് ആരോഗ്യപാനീയമായി നീര ബ്രാൻഡ് ചെയ്യാനും വിൽക്കാനുള്ള ലൈസൻസ് കർഷകർക്ക് നേടിക്കൊടുക്കാൻ തുടക്കം മുതൽ ഊന്നൽ നൽകിയിരുന്നു. ഏറെ നാളത്തെ വിവാദങ്ങൾക്കൊടുവിൽ ഫെഡറേഷനുകൾക്ക് സർക്കാർ ലൈസൻസ് അനുവദിച്ചു, അബ്കാരി നിയമത്തിൽ മാറ്റം വരുത്തികൊണ്ട്. ഒരു വർഷമായി നീരയെന്ന പാനീയം കേരളത്തിൽ ലഭ്യമാണ്.

## വിദേശത്ത് നിന്ന് വലിയ ഓർഡർ

40 ടൺ നീരയടങ്ങുന്ന 24 കണ്ടയ്നറാണ് സ്വിറ്റ്സർലാന്റ്, നെതർലാന്റ്സ്, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യാൻ റാം മോഹൻ എന്ന യുവസംരംഭകന് ഓർഡർ ലഭിച്ചിട്ടുള്ളത്. ഇപ്പോഴത്തെ സാഹചര്യത്തിൽ കേരളത്തിലെ മുഴുവൻ കമ്പനികൾക്കും ലൈസൻസ് നൽകിയാലും ഡിമാൻഡിനനുസരിച്ച് നീര നൽകാനാവില്ല എന്നാണ് നാളികേര വികസന ബോർഡ് പറയുന്നത്.

20,000 –25000 വരെ കർഷകരാണ് ഓരോ കമ്പനിയുടേയും ഓഹരിയുമടകൾ. അവരിൽ നിന്ന് തെരഞ്ഞെടുത്ത ഡയറക്ടർ ബോർഡും സിഇഒ അടക്കമുള്ള മാനേജ്മെന്റും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു. എസ് സിഎംഎസ് പോലുള്ള മികച്ച മാനേജ്മെന്റ് സ്കൂളുകളിലെ ത്രിദിന പരിശീലനകോഴ്സുകൾ വഴി കർഷകരെ ബിസിനസ് നടത്തിപ്പിനു പ്രാപ്തരാക്കാനും ബോർഡ് ശ്രദ്ധിച്ചു.

നിരവധി തൊഴിലവസരങ്ങളും ഈ കർഷക കൂട്ടായ്മ തുറന്നിടുന്നു. ചങ്ങാതികൂട്ടമെന്ന പേരിൽ തെങ്ങുകയറ്റതൊഴിലാളികൾക്കാണ് ആദ്യം മികച്ച വരുമാനവും ഡിമാൻഡുള്ള തൊഴിലും നൽകിയത്. ഇപ്പോൾ നീര ടെക്നീഷ്യൻ മാർക്കും. ഒരു ലക്ഷത്തോളം പേർക്ക് ഈ രംഗത്ത് അവസരമുണ്ടെന്നാണ് കണക്കാക്കുന്നത്. ഇളനീർ പാർലർ, തെങ്ങിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മൂല്യവർധന ഉൽപ്പന്നങ്ങൾ എന്നിങ്ങനെ സ്വയം തൊഴിൽ കണ്ടെത്തുന്നവരും നിരവധി. കോടിക്കണക്കിനു രൂപയുടെ നിക്ഷേപവുമായി 20 ഓളം കമ്പനികൾ പ്രവർത്തനം ആരംഭിക്കുന്നതോടെ വിവിധ തലങ്ങളിൽ ആയിരക്കണക്കിനു പേർക്ക് ജോലി കിട്ടും

### പ്രതീക്ഷകൾ വാനോളം പ്രശ്നങ്ങൾ പലത്

കൽപവൃക്ഷമായ തെങ്ങിന്റെ പൂങ്കുലയിൽ നിന്നൂറി വരുന്ന ജീവാമൃതമായ നീരയെന്ന പുതുഉൽപ്പന്നം വിപണിയിലെത്തുമ്പോൾ, കാലങ്ങളായി ദുരിതകയത്തിലായിരുന്ന കേര കർഷകർ വാനോളം പ്രതീക്ഷകളിലാണ്. ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള അബ്കാരി നിയമത്തിൽ ഭേദഗതി വരുത്തി നീര ഉൽപ്പാദിപ്പിക്കാനും വിൽക്കാനുമുള്ള ലൈസൻസ് നാളികേര ഉൽപ്പാദക ഫെഡറേഷനുകൾക്ക് നൽകിയപ്പോൾ യഥാർത്ഥത്തിൽ സ്വന്തം തെങ്ങിലെ ഉൽപ്പന്നം വിറ്റഴിക്കാനുള്ള അവകാശം ഉടമകളായ കർഷകർക്ക് നൽകുകയെന്ന ന്യായമാണ് നടപ്പായത്.

ആരോഗ്യമുള്ള തെങ്ങൊന്നിന് ദിവസം മൂന്നു മുതൽ അഞ്ചു വരെ ലിറ്റർ നീര കിട്ടുമെന്നാണ് കണക്ക്. നിലവിൽ ലിറ്ററിന് 125 –150 രൂപയുണ്ട് വിപണിയിൽ. കർഷകന് ഒരു ലിറ്റർ നീരയ്ക്ക് 30 മുതൽ 50 രൂപ വരെ വീട്ടുമുറ്റത്ത് കിട്ടും. അതായത് മൂന്നു ലിറ്ററിന് 30 രൂപ നിരക്കിൽ 90 രൂപ. മാസത്തിൽ കുറഞ്ഞത് 2700 രൂപ. പരമാവധി 7500 രൂപ വരെ കിട്ടാം. അഞ്ചു തെങ്ങ് ചെത്തിയാൽ 13500 രൂപ മുതൽ 37500 രൂപ വരെ കിട്ടാം. ഇത്തരത്തിൽ ഉയർന്ന ആദായം നേടിക്കൊണ്ടിരിക്കുന്ന കർഷകർ ഇപ്പോൾ പലഭാഗങ്ങളിലുമുണ്ടെന്ന് പത്രവാർത്തകളിലൂടെ വന്നു കഴിഞ്ഞു. അതാണ് മൊത്തം കേരകർഷകരിൽ പുത്തൻ പ്രതീക്ഷകൾ നിറയ്ക്കുന്നത്.

എന്നാൽ പല വിധ പ്രശ്നങ്ങളുണ്ടിവിടെ. നീരയുടെ സാധ്യതകളെ ഇല്ലാതാക്കുന്ന പല കാര്യങ്ങൾ. ഫെഡറേഷനു

നൽകിയ ലൈസൻസ് മരവിപ്പിച്ചത് നീര ചെത്ത് കൃഷി വകുപ്പിനു കീഴിൽ നീര കോർപ്പറേഷന് നൽകാനുള്ള നീക്കം ശക്തമാണെന്നതാണ് അതിൽ ആദ്യത്തേത്. അങ്ങനെയായാൽ കള്ളു ചെത്തിയാൽ കിട്ടുന്ന നക്കാപിച്ചാ വരുമാനമാകും കർഷകന് കിട്ടുക. നേട്ടം ഇടനിലക്കാർ കൊണ്ടു പോകാനുള്ള സാധ്യത ഏറെയാണ്.

**ആരോഗ്യമുള്ള തെങ്ങില്ല:** തേങ്ങയ്ക്ക് വിലയില്ലാതായതും കേറാൻ ആളില്ലാത്തതും മൂലം വർഷങ്ങളായി ആരും തെങ്ങിനെ ശ്രദ്ധിക്കാറില്ല. വിവിധ തരം രോഗങ്ങൾ കൂടിയപ്പോൾ കേരത്തിന്റെ നാട്ടിൽ നല്ല തെങ്ങില്ലാതായി. അതിനാൽ നീരയിലൂടെ പരമാവധി വരുമാനം നേടാൻ ഭൂരിപക്ഷത്തിനും കഴിയില്ലെന്നുറപ്പാണ്. പക്ഷേ ഒരു തെങ്ങിന് മാസം 3000 രൂപ എന്നതുപോലും ആകർഷകമാണ്.

**വർഷം മുഴുവൻ നീര കിട്ടില്ല:** ഒരു വർഷം ഉണ്ടാകുന്ന 12 ഓളം കുലകളിൽ മൂന്നോ നാലോ മാത്രമാണ് ചെത്തുക. അതായത് നാലോ അഞ്ചോ മാസം. പക്ഷേ ഒന്നിൽ നിർത്തുമ്പോൾ മറ്റൊന്നിൽ തുടങ്ങിയാൽ വർഷം മുഴുവൻ ഉൽപ്പാദനം സാധ്യമാണ്. ഡിമാൻഡ് കൂടുന്ന വേനൽകാലത്ത് ഉൽപ്പാദനം കുറയുമെന്നതാണ് മറ്റൊരു പ്രശ്നം

**രുചി വ്യത്യസ്തം :** പല സ്ഥലത്തും നീരയ്ക്ക് പല രുചിയാണെന്ന പരാതിയുണ്ട്. മാത്രമല്ല സംസ്കരിക്കുമ്പോൾ രുചി കുറയുന്നുമുണ്ട്. രാസവസ്തുക്കളൊന്നും ചേർക്കാതെ, പാസ്ചുറൈസ് ചെയ്യാതെ , വെറുതെ തണുപ്പിച്ച നീരയ്ക്ക് നല്ല രുചിയുണ്ടെന്നതിനാൽ പല ഫെഡറേഷനുകളും ഇപ്പോൾ അങ്ങനെയാണ് വിൽപ്പനക്കെത്തിക്കുന്നത്. കേടാകാനുള്ള സാധ്യത കൂടുതലാണെന്നതിനാൽ നഷ്ടമുണ്ടാകും.

**മൂല്യവർധന നേട്ടം കുറവ്:** തേൻ, ചക്കര, പഞ്ചസാര എന്നിങ്ങനെയുള്ള മൂല്യ വർധിത ഉൽപ്പന്നങ്ങളുണ്ടാക്കാമെന്നു മാത്രമല്ല അവയെല്ലാം മികച്ചതും ഡിമാൻഡുള്ളവയുമാണ്. വില കൂടുതലാണെന്നതിനാൽ ആഭ്യന്തര വിപണിയിൽ വിറ്റുപോകില്ല. ഫിലിപ്പീൻസ് പോലുള്ളയിടങ്ങളിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് ലഭ്യമാണെന്നതിനാൽ കയറ്റുമതി രംഗത്തും പിടിച്ചു നിൽക്കാൻ പാടാണ്.



## നീര കോർപ്പറേഷൻ എവിടെ?

കൃഷി വകുപ്പിനു കീഴിൽ നീര കോർപ്പറേഷൻ നീര ഉൽപ്പാദിപ്പിച്ചു വിൽക്കുമെന്നാണ് അവകാശവാദം. എന്നാൽ ഈ കോർപ്പറേഷനെ അന്വേഷിച്ചു നടന്നാൽ പൊടിപോലും കണ്ടു പിടിക്കാൻ ബുദ്ധിമുട്ടാണെന്നതാണവസ്ഥ. വർഷങ്ങൾക്ക് മുമ്പ് പൂട്ടി പോയ ഒന്നാണത്രേ ഇത്. നഷ്ടം താങ്ങാനാകാതെ 1987 ലിക്വിഡേറ്റ് ചെയ്യുകയായിരുന്നു. എന്തായാലും ഇപ്പോൾ കോർപ്പറേഷനെ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

ഇത്തരത്തിൽ വർഷങ്ങൾക്കു മുമ്പേ ചത്തു പോയ കുതിരയായ കോർപ്പറേഷനെ വീണ്ടും തട്ടികൂട്ടികൊണ്ടുവന്ന് നീര ഏൽപ്പിച്ചുകൊടുക്കുന്നതിനേക്കാൾ അഭികാമ്യം ലക്ഷകണക്കിനു കർഷകരുടെ സജീവ കൂട്ടായ്മയിൽ സുസജ്ജരായി നിൽക്കുന്ന ഫെഡറേഷനുകൾക്ക് ആവശ്യമായ പിന്തുണ നൽകുന്നതല്ലേ എന്നത് പ്രസക്തമായ ചോദ്യമാണ്.

കഴിഞ്ഞ ബജറ്റിൽ 15 കോടി രൂപ നീരയ്ക്കു വേണ്ടി അനുവദിച്ചിരുന്നെങ്കിലും ചില്ലി കാശു പോലും നൽകിയില്ല. അതടക്കം 30 കോടി രൂപ ഈ വർഷത്തെ ബജറ്റിലും നീക്കിവെച്ചിട്ടുണ്ട്. വകുപ്പുകൾ തമ്മിലുള്ള വഴക്ക് അവസാനിപ്പിച്ച് അനുവദിച്ച ഈ തുക കർഷക കൂട്ടായ്മയ്ക്ക് നൽകാനുള്ള നടപടികൾ സർക്കാരും വകുപ്പ് ഉദ്യോഗസ്ഥരും ഇനിയെങ്കിലും ചെയ്യുമോ?

### മാസവരുമാനം ലക്ഷങ്ങളിലേയ്ക്ക്

കേരവൃക്ഷം ഇപ്പോൾ അക്ഷരാർത്ഥത്തിൽ മലയാളിയെ സംബന്ധിച്ചിടത്തോളം കൽപ്പവൃക്ഷമായി മാറിയിരിക്കുന്നു.

കൊല്ലത്തെ കൈപ്പുഴ സിപിസിയിലെ 17 ഓളം തെങ്ങിൽ നിന്ന് നീര ചെത്തുന്ന കർഷകന് 1.25 ലക്ഷം രൂപയാണ് മാസവരുമാനം.

ദിവസം 250 രൂപയ്ക്ക് കടയിൽ ജോലി ചെയ്തിരുന്ന കണ്ണൂർകാരനായ 30 കാരന് 1750 രൂപ മൂന്നാല് മണിക്കൂറുകൊണ്ട് കിട്ടുന്നു. ആറ് തെങ്ങിൽ നിന്ന് സ്വയം ചെത്തുന്നു. 20-25 ലിറ്റർ നീര കിട്ടും. ലിറ്ററിന് 70 രൂപ വെച്ച് 1750 രൂപ.

### നീര സത്യവും മിഥ്യയും

ലഹരി പാനീയം എന്ന നിലയിൽ നിന്ന് പ്രകൃതിദത്തവും രുചികരവുമായ ഏറ്റവും മികച്ച ആരോഗ്യപാനീയം എന്ന



നിലയിൽ നീര അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. സർക്കാർ വിരുന്നുകളിലെ ഔദ്യോഗിക പാനീയമെന്ന പദവി കൂടി ലഭിച്ചതോടെ വരുംനാളുകൾ നീരയുടേതായിരിക്കും. ശരിയായ ബോധവൽക്കരണവും ബ്രാൻഡിങ്ങും നടത്തി മാർക്കറ്റ് ചെയ്യാൻ ബന്ധപ്പെട്ടവർ തയ്യാറായാൽ കോളയടക്കമുള്ള വിഷദ്രാവകങ്ങളെ പിന്തള്ളി നീരയെ പ്രതിഷ്ഠിക്കാനും കഴിയും.

പക്ഷേ ഇവിടെയൊരു ചോദ്യമുണ്ട്. തുടക്കത്തിലുള്ള ഈ പ്രിയവും ഡിമാൻഡും തുടർന്നും നിലനിൽക്കുമോയെന്നത്. അതുണ്ടായില്ലെങ്കിൽ നീരയെ ചുറ്റിപ്പറ്റിയുള്ള പ്രതീക്ഷകൾ തകർന്നടിയും. അവിടെയാണ് മികവുകൾ ഉയർത്തികാട്ടി ജനപ്രീതി നിലനിർത്താനുള്ള പിന്തുണ അധികാരികളുടെ ഭാഗത്തു നിന്നുണ്ടാകേണ്ടത്.

ഫിലിപ്പീൻസ് അടക്കമുള്ള രാജ്യങ്ങളിൽ നീരയുടെ സാധ്യതകൾ ഉപയോഗിക്കാൻ തുടങ്ങിയിട്ട് പതിറ്റാണ്ടുകളായെങ്കിലും തെങ്ങിന്റെ നാട്ടിൽ ഇത് തികച്ചും പുതിയതാണ്. അതുകൊണ്ട് തന്നെ പല വിധ സംശയങ്ങളും തെറ്റിദ്ധാരണകളും എല്ലാവർക്കുമുണ്ട്. നീരയെ സംബന്ധിച്ച ചില വസ്തുതകളാണ് ചുവടെ.

**എത്ര നീര കിട്ടും:** ദിവസം രണ്ടു മുതൽ അഞ്ചു ലിറ്റർ വരെ കിട്ടുമെന്നാണ് ഇതുവരെയുള്ള അനുഭവങ്ങൾ വ്യക്തമാക്കുന്നത്. 25 % തെങ്ങിൽ നിന്നേ 5 ലിറ്റർ പ്രതീക്ഷിക്കാവൂ. ആരോഗ്യമുള്ള തെങ്ങുകളിൽ നിന്ന് സാധാരണ മൂന്നു ലിറ്റർ കിട്ടും.

**എത്ര നാൾ:** വർഷത്തിൽ 12 കുലയുണ്ടാകുന്നതിൽ 4 എണ്ണമാണ് സാധാരണ നീരയ്ക്കായി എടുക്കുന്നത്. അതായത് വർഷത്തിൽ 120 ദിവസമായിരിക്കും ഒരു തെങ്ങിൽ നിന്ന് നീര കിട്ടുക. ബാക്കി കുലകളിൽ തേങ്ങയായോ ഇളനീരായോ വരുമാനം നേടാം.

**വില :** കർഷകന് ലിറ്ററിന് കുറഞ്ഞത് 30 രൂപ. 50 രൂപ വരെ നൽകുന്ന ഫെഡറേഷനുകളുണ്ട്. സ്വന്തം ഔട്ട് ലെറ്റുകൾ വഴിയാണ് വില്പന. മാളുകളിലും മറ്റും കൊടുത്തു തുടങ്ങിയിട്ടുണ്ട് . 200 എംഎൽ ഗ്ലാസിന് 25- 30 രൂപയാണ് വില്പന വില. ഒരു ലിറ്ററിന് 125- 150 രൂപ.

**കൂലി:** നീര ടെക്നീഷ്യന് ലിറ്ററിന് 20 രൂപ വെച്ചാണ് പൊതുവേ നൽകുന്നത്. എന്നാൽ ലിറ്ററിന് കർഷകന് 70 രൂപ നൽകിയിട്ട് അതിൽ നിന്ന് കൂലി നൽകാൻ നിർദേശിക്കുന്ന ഫെഡറേഷനുകളുമുണ്ട്.

**രുചി:** ഓരോ തെങ്ങിൽ നിന്നും കിട്ടുന്ന നീരയുടെ രുചി പൂർണമായും ഒരേ പോലെയല്ല. പാനീയമെന്ന രീതിയിൽ രുചികരമല്ലാത്ത നീരയും ഉണ്ട്. അതുപോലെ സംസ്കരണ രീതി അനുസരിച്ചും രുചി മാറും. അതിനാൽ യൂണിഫോം ബ്രാൻഡിങ് ബുദ്ധിമുട്ടാണ്.

**സംസ്കരണം:** വിവിധ ഏജൻസികൾ പല തരം സംസ്കരണ രീതികൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അവയ്ക്കൊക്കെ അതിന്റേതായ മികവുകളും പോരായ്മകളുമുണ്ട്. ചൂടാക്കുകയോ രാസവസ്തുക്കൾ ചേർക്കുകയോ ചെയ്യുമ്പോൾ തനതു രുചി നഷ്ടപ്പെടും. തണുപ്പിച്ചുപയോഗിച്ചാൽ നല്ല രുചി കിട്ടും. പക്ഷേ കേടാകാനുള്ള സാധ്യതയുണ്ട്

**മൂല്യവർധന:** തേൻ, ചക്കര, പഞ്ചസാര എന്നിവ നീരയിൽ നിന്നുണ്ടാക്കാം. പക്ഷേ 10 ലിറ്റർ നീരയിൽ നിന്നാണ് ഒരു ലിറ്റർ തേൻ കിട്ടുക.അതിനാൽ വില ആയിരം കടക്കും. ചക്കരയുടേയും പഞ്ചസാരയുടേയും കാര്യത്തിൽ 1500-1700 രൂപയുടെ നീര വേണ്ടി വരും.ഉത്പാദന ചെലവ് വേറെ.അതിനാൽ ഇന്നത്തെ സാഹചര്യത്തിൽ മൂല്യവർധന മുതലാകില്ല.



## ബജറ്റിലെ നീര

നാളികേര മേഖലയുടെ സംരക്ഷണത്തിനും വികസനത്തിനുമായി ബജറ്റിൽ 75 കോടിയുടെ സഹായമാണ് ധനമന്ത്രി കെ.എം മാണി പ്രഖ്യാപിച്ചത്. ഇതിൽ നീര ഉത്പാദനത്തിനായി 30 കോടി വകയിരുത്തി.നീര ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പൊതു ചടങ്ങുകളിലും സർക്കാർ അതിഥി മന്ദിരങ്ങളിലും പായ്ക്കുചെയ്ത നീര ഒരു പാനീയമായി ഉൾപ്പെടുത്തും. നീര ടെക്നീഷ്യൻമാർക്ക് 10,000 രൂപ സബ്സിഡി നൽകുവാൻ ബജറ്റിൽ 10 കോടി രൂപ നീക്കിവെച്ചു. കാർഷികോത്പാദന സംഘങ്ങൾക്ക് ഓഹരി മൂലധനം നൽകാൻ 10 കോടി രൂപ നൽകും. ഓരോ നാളികേര ഉത്പാദക കമ്പനിക്കും കെട്ടിടവും യന്ത്രസാമഗ്രികളും വാങ്ങാൻ സഹായം നൽകും. ഇതിനുള്ള ബജറ്റ് വിഹിതം 10 കോടി രൂപയാണ്.